# പതിമൂന്നാം കേരള നിയമ സഭ
## പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ . * 199 — 08.12.2015-ൽ മറുപടിക്ക്.

## അക്ഷയ കേന്ദ്രങ്ങൾ

**ചോദ്യം**

ശ്രീ. സി.എഫ് .തോമസ്
ശ്രീ. മോൻസ് ജോസഫ്
ശ്രീ. തോമസ് ഉണ്ണിയാടൻ
ശ്രീ. റ്റി.യു. കുരുവിള

**മറുപടി**

ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി
( വ്യവസായവും വിവര സാങ്കേതികവും വകുപ്പ മന്ത്രി)

| | | | |
|---|---|---|---|
| (എ) | അക്ഷയ കേന്ദ്രങ്ങൾ മാനദണ്ഡങ്ങൾ കൃത്യമായി പാലിക്കാറുണ്ടോ; ഇവയുടെ പ്രവർത്തനരീതി, ക്ഷമത എന്നിവ പരിശോധിച്ചിട്ടുണ്ടോ; | (എ) | ഉണ്ട്. അക്ഷയ കേന്ദ്രങ്ങളുടെ പ്രവർത്തന ക്ഷമത ഉറപ്പുവരുത്തുന്നതിനായി ജില്ലാ കളക്ടറും ഇതിലേക്കായി തിരഞ്ഞെടുക്കപ്പെടുന്ന സ്വകാര്യ സംരംഭകരുമായി ഒരു കരാറിലേർപ്പെട്ടിട്ടുണ്ട്. ഒരു അക്ഷയകേന്ദ്രം റദ്ദ ചെയ്യുന്നതിനോ, അതിന്റെ ലൊക്കേഷൻ മാറ്റുന്നതിനോ, ജനങ്ങളുടെ ആവശ്യാ നുസരണം അക്ഷയ കേന്ദ്രങ്ങൾക്കായി പുതിയ ലൊക്കേഷൻ ആവശ്യപ്പെടുകയോ ചെയ്യുന്നത് അതാത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ തീരുമാനത്തിന്റെ വെളിച്ചത്തിലാണ്. കൂടാതെ അക്ഷയ ജില്ല /സംസ്ഥാന ഓഫീസുകളിൽ നിന്ന് ഡയറക്ടറുൾപ്പെടെയുള്ള ഉദ്യോഗസ്ഥർ അക്ഷയ കേന്ദ്രങ്ങളിൽ പരിശോധന നടത്തുകയും, അവിടെ റേറ്റ് ചാർട്ട് പ്രദർശിപ്പിച്ചിട്ടുണ്ടോ, ആവശ്യപ്പെട്ടിട്ടുള്ള രജിസ്റ്റർ സൂക്ഷിച്ചിട്ടുണ്ടോ എന്ന് ഉറപ്പുവരുത്തുകയും ചെയ്യുന്നുണ്ട്. |
| (ബി) | വിവിധ മേഖലകളിലെ അപേക്ഷകൾ ഓൺലൈൻ ആയി അപേക്ഷിക്കേണ്ട സാഹചര്യത്തിൽ പ്രസ്തുത കേന്ദ്ര ങ്ങളിലെ സേവനം കിട്ടുന്നതിൽ ജനങ്ങൾ ബുദ്ധിമുട്ടുന്നുണ്ടോ; | (ബി) & (സി) | സാധാരണ ജനങ്ങൾക്ക് യഥാസമയം സേവനങ്ങൾ ലഭ്യമാക്കാൻ അക്ഷയ കേന്ദ്രങ്ങൾക്ക് കഴിയുന്നുണ്ട്. അക്ഷയ കേന്ദ്രങ്ങൾ നൽകുന്ന സേവനങ്ങൾ വ്യാപിപ്പി ക്കുന്നതിനു വേണ്ടി ഒരു ഗ്രാമപഞ്ചായത്തിന്റെ പരിധിയിൽ നാലും , മുൻസിപ്പാലിറ്റിയുടെ പരിധിയിൽ ആറും അക്ഷയകേന്ദ്രങ്ങൾക്ക് വരെ പരമാവധി അനുമതി നൽകുന്നതിന് വ്യവസ്ഥയുണ്ട്. |

| | | | |
|---|---|---|---|
| (സി) | എങ്കിൽ ആയത് പരിഹരിക്കുന്നതിനായി എല്ലാ പഞ്ചായത്തുകളിലും പരമാവധി അക്ഷയ കേന്ദ്രങ്ങൾ സ്ഥാപിക്കുന്നതിനും അഭ്യസ്തവിദ്യരായ യുവജനങ്ങൾക്ക് തൊഴില വസരങ്ങൾ സൃഷ്ടിക്കുന്നതിനും നടപടി ഉണ്ടാ കുമോ? | | കൂടാതെ കോർപറേഷൻ പരിധിയിൽ ജനസംഖ്യ അനുപാതവും, കോർപറേഷന്റെ തീരുമാനവും കണക്കിലെടുത്ത് ആവശ്യാനുസരണം അക്ഷയ കേന്ദ്രങ്ങൾ അനുവദിച്ചു വരികയാണ്. എന്നാൽ 2 അക്ഷയ കേന്ദ്രങ്ങൾ തമ്മിലുള്ള ദൂര പരിധി കുറഞ്ഞത് 2 കി.മി. ആയിരക്കണമെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. അക്ഷയ കേന്ദ്രങ്ങൾ അനുവദിക്കുന്നത് അതത് തദ്ദേശ സ്വയംഭരണസ്ഥാപനങ്ങളുടെ പ്രമേയത്തിനനുസരി ച്ചാണ്. ഇതനുസരിച്ച് തദ്ദേശ സ്വയം ഭരണസ്ഥാപനങ്ങൾ കൂടുതൽ അക്ഷയ കേന്ദ്രങ്ങൾ ആവശ്യപ്പെടുമ്പോൾ മേൽപ്പറഞ്ഞിരിക്കുന്ന മാനദണ്ഡ ങ്ങൾക്കുള്ളിൽ നിന്നുകൊണ്ട് അക്ഷയ കേന്ദ്രങ്ങൾ അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്. നിലവിൽ സംസ്ഥാനത്ത് 2418 അക്ഷയകേന്ദ്രങ്ങൾ ഉണ്ട്. ഇതിനുപുറമേ സർക്കാർ അനുമതി നൽകിയ പുതിയ അക്ഷയകേന്ദ്രങ്ങളുടെ പ്രവർത്തനം തുടങ്ങുന്നതിനുള്ള നടപടികൾ അക്ഷയ ഡയറക്ടർ സ്വീകരിച്ചു വരുന്നു. |

**സെക്ഷൻ ഓഫീസർ**